# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3108 07.11.2019 -ൽ മറുപടിക്ക്

## കായികമേളയിൽ ഉയർന്ന് വന്നിട്ടുള്ള പരാതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പ്രൊഫ.സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| എ | സംസ്ഥാനത്ത് ഈയിടെ നടന്ന റവന്യൂ ജില്ലാ കായികമേളയിൽ ഉയർന്ന് വന്നിട്ടുള്ള ആക്ഷേപങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ | റവന്യൂ ജില്ല കായികമേളയിൽ കാര്യമായ ആക്ഷേപങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. കുട്ടികൾ റവന്യൂ ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുകയും തെരഞ്ഞെടുക്കപ്പെട്ടവർ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. |
| ബി | മലപ്പുറം, കോഴിക്കോട് ജില്ലകളിൽ അർഹരായ വിദ്യാർത്ഥികളെ സ്കൂൾ കായികമേള പട്ടികയിൽ നിന്ന് ഒഴിവാക്കിയും ഓൺലൈൻ വെബ് സൈറ്റിന്റെ സാങ്കേതിക തകരാർ കാരണം ഓൺലൈൻ എൻട്രി ചെയ്യാൻ സാധിക്കാത്ത അർഹരായ വിദ്യാർത്ഥികളെ ഒഴിവാക്കിയും ജില്ലാ കായിക മേള നടത്തിയെന്ന പ്രധാനപ്പെട്ട പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | ബി | മലപ്പുറം, കോഴിക്കോട് ജില്ലകളിൽ കായികമേള പട്ടികയിൽ നിന്നും വിദ്യാർത്ഥികളെ ഒഴിവാക്കിയതായി പരാതി ലഭിച്ചിട്ടില്ല. മലപ്പുറം, കോഴിക്കോട് റവന്യൂജില്ല കായികമേളയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്ത് ദേശീയ ടീമിലേയ്ക്കുള്ള സെലക്ഷനും പൂർത്തീകരിച്ച് ടീം ആയിട്ടുള്ളതാണ്. മത്സരക്രമം അനുസരിച്ച് ദേശീയ മത്സരങ്ങൾക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ